LIBRARY ARCHIVES Kerala Legislative Assembly

ന്യായവിലഷാപ്പുകംവഴി കൂടുതൽ അരിവിതരണം ചെയ്യുന്നതിലേക്കായി കേന്ദ്രത്തിൽനിന്നും 5,000 ടൺ അരി അനുവദിച്ചു. തന്മൂലം 22-12-1963 മുതൽ രണ്ടാഴ്ചക്കാലത്തേക്ക് ന്യായവിലഷാപ്പുകംവഴി കാർഡൊന്നിന് രണ്ടിടങ്ങഴി അരിവീതം വിതരണം നടത്തി.

ജില്ലാ കളക്ടർമാർ മൊത്തവ്യാപാരികളെ വിളിച്ചുകൂട്ടി അവരുടെ ചുമതലയെ അറിയിക്കുന്നതോടൊപ്പം അമിതലാഭം ഈ അവസരത്തിൽ എടുക്കാൻ പാടില്ലെന്നും കച്ചവടക്കാർ ഗവണ്മെന്റിന്റെ യത്നങ്ങളിൽ സഹകരിക്കണമെന്നും ഉദ്ബോധിപ്പിച്ചു.

ആക്ടിലറി നേഴ്സിംഗ് ആൻഡ് മിഡ്വൈഫറി ട്രെയിനിംഗ്

* 216. [2] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ ഈ സംസ്ഥാനത്ത് ആക്ടിലറി നഴ്സിംഗ് ആൻഡ് മിഡ്വൈഫറി ട്രെയിനിംഗ് നടത്തുന്ന എത്ര വിദ്യാർത്ഥിനികളുണ്ടെന്നു പറയാമോ ;

(ബി) പരിശീലനകാലത്ത് ഇവർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാം ;

(സി) ഇവർക്ക് മുൻപു അനുവദിച്ചിരുന്ന ആനുകൂല്യങ്ങളിൽ എന്തെങ്കിലും വെട്ടിക്കുറവു വരുത്തുകയുണ്ടായോ ;

(ഡി) മുമ്പ് അനുവദിച്ചിരുന്ന ആനുകൂല്യംതന്നെ തുടർന്നു നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് അവരിൽനിന്നും എന്തെങ്കിലും നിവേദനം ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അതിന്മേൽ ഗവണ്മെന്റ് സ്വീകരിച്ച നടപടികൾ എന്തെല്ലാം ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) 400 വിദ്യാർത്ഥിനികൾ.
(ബി) പ്രതിമാസം 38 രൂപ സ്റ്റൈപ്പെൻഡും, സൗജന്യ താമസ സൗകര്യവും.
(സി) ഇല്ല.
(ഡി) ഇല്ല.
(ഇ) ചോദ്യം ഉദിക്കുന്നില്ല.

പുതിയ പാലങ്ങളുടെ പണി.

* 217. [3] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത സാമ്പത്തിക വർഷത്തിൽ കേരളത്തിൽ എത്ര പുതിയ പാലങ്ങൾ പണിയുവാൻ ഉദ്ദേശിക്കുന്നു ; എവിടെയെല്ലാം ;

(ബി) എറണാകുളം ജില്ലയിൽപ്പെട്ട തിരുർ—പുത്തൻകുളങ്ങര റോഡിലെ കേടുവന്ന പാലം പുതുക്കിപ്പണിയുവാൻ എന്തു നടപടിയെടുത്തിട്ടുണ്ട് ;

(സി) ഇതിന്റെ പണി ഉടനെ ആരംഭിക്കുവാൻ നടപടികളെടുക്കുമോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) തീരുമാനമായിട്ടില്ല.